# 27-11-2022

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-27/11/2022.

1. കൊല്ലം ജില്ലയിലെ കാർഷിക മേഖലയിൽ വിവിധ തലങ്ങളിൽ മികച്ച നേട്ടം കൈവരിച്ചവർക്കുള്ള അവാർഡ് ദാനവും കാർഷിക സെമിനാറും ഈ മാസം 29ന് (നവംബർ 29) രാവിലെ 9 മണി മുതൽ ഏരൂർ, ഓയിൽപാം, പാം വ്യൂ കൺവെൻഷൻ സെന്ററിൽ വെച്ച് നടത്തുന്നു. ഇതിന്റെ ഉദ്ഘാടനം പുനലൂർ എം.എൽ.എ പി.എസ് സുപാലിന്റെ അദ്ധ്യക്ഷതയിൽ കൂടുന്ന യോഗത്തിൽ കൃഷിവകുപ്പ് മന്ത്രി പി. പ്രസാദ് നിർവഹിക്കും.

2. പച്ചത്തേങ്ങ സംഭരണത്തിനായി കർഷകർക്ക് അതാത് ജില്ലകളിലെ സംഭരണ കേന്ദ്രങ്ങളിൽ ബന്ധപ്പെട്ട രേഖകളുമായി സമീപിക്കാവുന്നതാണ്. കൃഷിഭവനിലെ കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റ്, നികുതി രസീത്, ബാങ്ക് പാസ് ബുക്ക്, ആധാർ എന്നിവയുടെ പകർപ്പുമായി സംഭരണ കേന്ദ്രത്തിൽ കർഷകർക്ക് രജിസ്റ്റർ ചെയ്യാം. പച്ചത്തേങ്ങ സംഭരണം സംബന്ധിച്ച സംശയനിവാരണത്തിനായി കർഷകർക്ക് അതാത് കൃഷിഭവനുമായി ബന്ധപ്പെടേണ്ടതാണ്.

3. കേരള സംസ്ഥാന കാർഷിക യന്ത്രവത്കരണ മിഷൻ സംസ്ഥാനത്തെ 30 തൊഴിൽരഹിതരായ കാർഷിക എഞ്ചിനീയറിംഗ് ബിരുദധാരികൾക്ക് കാർഷിക യന്ത്ര പ്രവർത്തനസേവനത്തിൽ 20 ദിവസത്തെയും സംസ്ഥാനത്തെ ഓരോ ജില്ലകളിൽ നിന്നും തൊഴിൽരഹിതരായ ഓട്ടോമൊബൈൽ എഞ്ചിനീയറിംഗ്/ഡീസൽ മെക്കാനിക്/ മെക്കാനിക്ക് അഗ്രിക്കൾച്ചർ മെഷിനറി/ മെക്കാനിക്കൽ സർവീസിംഗ് ആന്റ് അഗ്രോ മെഷിനറി/ഫാം പവ്വർ എഞ്ചിനീയറിംഗ്/ മെക്കാനിക്ക് ട്രാക്റ്റർ എന്നീ ട്രേഡിൽ ഐ.റ്റി.ഐ/വി.എച്ച്.എസ്.ഇ കോഴ്സ് പാസായവരിൽ നിന്നും തെരെഞ്ഞടുക്കുന്ന 20 പേർക്ക് കാർഷിക യന്ത്ര പ്രവർത്തനം, അറ്റകുറ്റപ്പണി എന്നിവയിൽ 20 ദിവസത്തെയും പരിശീലനം നടത്തുന്നു. താൽപര്യമുള്ളവർ **ഡിസംബർ 05** നു വൈകിട്ട് 5 മണിക്ക് മുമ്പായി കേരള സംസ്ഥാന കാർഷിക യന്ത്രവത്കരണ മിഷന്റെ spokksac1@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ അപേക്ഷകൾ അയയ്ക്കേണ്ടതാണ്. അപേക്ഷാ ഫോറവും കൂടുതൽ വിവരങ്ങളും മിഷന്റെ **8281200673** എന്ന വാട്ട്സാപ്പ് നമ്പരിലൂടെ അല്ലെങ്കിൽ ഇ-മെയിൽ വഴി ആവശ്യപ്പെട്ടാൽ ലഭിക്കുന്നതാണ്.

4. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള കണ്ണാറ വാഴ ഗവേഷണ കേന്ദ്രത്തിൽ വൈറസ് ഇൻഡക്സിംങ്ങ് ചെയ്യാനുള്ള സൗകര്യങ്ങൾ ഉണ്ട്. സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ, രാഷ്ട്രീയ കൃഷി വികാസ് യോജന, അഖിലേന്ത്യ ഏകോപിത ഗവേഷണ പദ്ധതി എന്നിവയുടെ ധനസഹായത്തോടു കൂടിയാണ് ഇത് സാധ്യമാക്കിയിരിക്കുന്നത്. ഈ കേന്ദ്രത്തിൽ നിന്നും വിതരണം ചെയ്യുന്ന ടിഷ്യൂകൾച്ചർ തൈകൾ എല്ലാം തന്നെ രോഗവിമുക്തമാണെന്ന് സർട്ടിഫൈ ചെയ്തതാണ്. ടിഷ്യുകൾച്ചർ വാഴത്തൈകൾ വ്യവസായികാടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിക്കുമ്പോൾ വൈറസ് ഇൻഡക്സിങ്ങ് വഴി തൈകൾ പരിപൂർണ്ണമായും രോഗവിമുക്തമാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്. കണ്ണാറ വാഴ ഗവേഷണ കേന്ദ്രത്തിൽ

മറ്റു ടിഷ്യൂകൾച്ചർ ലാബുകളിൽ ഉൽപാദിപ്പിക്കുന്ന തൈകൾ ഇൻഡക്സിങ്ങ് ചെയ്തു കൊടുക്കുന്നതാണ്. കൂടുതൽവിവരങ്ങൾക്ക് വൈറസ് ഇൻഡക്സിങ്ങ് ലബോറട്ടറി, വാഴ ഗവേഷണ കേന്ദ്രം, കേരള കാർഷിക സർവ്വകലാശാല, കണ്ണാറ പി.ഒ, തൃശ്ശൂർ-680652 എന്ന വിലാസത്തിലോ, **0487-2699087** എന്ന ഫോൺ നമ്പരിലോ brskannara@kau.in എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

5. കുടപ്പനക്കുന്ന് സർക്കാർ കോഴി വളർത്തൽ കേന്ദ്രത്തിൽ നിന്നും എല്ലാ ചൊവ്വ, വെള്ളി ദിവസങ്ങളിലും ഗ്രാമശ്രീ ഇനത്തിൽപ്പെട്ട ഒരു ദിവസം പ്രായമുള്ള പൂവൻകോഴി കുഞ്ഞുങ്ങളെ അഞ്ചു രൂപ നിരക്കിൽ ലഭ്യമാണ്. ആവശ്യമുള്ളവർ പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകിട്ട് 4 മണി വരെയുള്ള സമയത്ത് 0471-2730804 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

6. കേരള കാർഷിക സർവകലാശാല 2022 - 23 അദ്ധ്യായന വർഷത്തേക്ക് ബിഎസ്സി (ഓണേഴ്സ്) അഗ്രികൾച്ചർ കോഴ്സിന് ഒരു സീറ്റിലേക്ക് കാർഷിക മേഖലയിൽ പ്രാഗൽഭ്യം തെളിയിച്ച് സംസ്ഥാനതലത്തിൽ അവാർഡ് കരസ്ഥമാക്കിയ കർഷക പ്രതിഭയായ വിദ്യാർഥികളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. വിശദവിവരങ്ങൾക്കും അപേക്ഷ ഫോമിനും കേരള കാർഷിക സർവകലാശാലയുടെ www.admissions.kau.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി ഈ മാസം 28 (28.11.2012).

**പരിശീലന പരിപാടികൾ**

7. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) **ഉണക്കറബ്ബറിൽനിന്നുള്ള ഉത്പന്നനിർമ്മാണത്തിൽ** ഡിസംബർ 05 മുതൽ 09 വരെ അഞ്ചു ദിവസത്തെ പരിശീലനം നൽകുന്നു. മോൾഡഡ്, എക്സ്ട്രൂഡഡ്, കാലെൻഡേർഡ് ഉത്പന്നങ്ങളുടെ നിർമ്മാണം; റബ്ബർകോമ്പൗണ്ടിങ്; പ്രോസസ്സ് കൺട്രോൾ, വൾക്കനൈസേറ്റ് പരിശോധനകൾ; എം.എസ്.എം.ഇ. (മൈക്രോ, സ്മോൾ & മീഡിയം എന്റർപ്രൈസസ്) പദ്ധതികൾ തുടങ്ങിയവ വിഷയങ്ങളിലാണ് പരിശീലനം. കൂടുതൽ വിവരങ്ങൾക്ക് **0481 2353127** എന്ന ഫോൺ നമ്പരിലോ **04812353201** എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാം.

**കാർഷിക നിർദ്ദേശങ്ങൾ**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

8. മുണ്ടകൻ കൃഷി ചെയ്യാത്ത നെൽപാടങ്ങളിലും മറ്റു കൃഷിയിടങ്ങളിലും പയർ കൃഷി ചെയ്യാൻ അനുയോജ്യമായ സമയമാണ് ഇപ്പോൾ. എല്ലാവിധ പയർ വർഗ വിളകളുടെയും വിത്ത് വിതയ്ക്കുന്നതിനു മുൻപ് വിത്തുകൾ റൈസോബിയം എന്ന ജൈവവളവുമായി സംയോജിപ്പിച്ച ശേഷം വിതയ്ക്കുകയാണെങ്കിൽ 15 മുതൽ 20% വരെ ഉത്പാദനത്തിൽ വർദ്ധനവ് ലഭിക്കാൻ കാരണമാകും. 5 മുതൽ 10 കിലോഗ്രാം വരെ വിത്തുകൾ പരിചരിക്കുന്നതിനു 500 ഗ്രാം റൈസോബിയത്തോടൊപ്പം ആവശ്യമായ വെള്ളമോ അല്ലെങ്കിൽ തലേ ദിവസത്തെ കഞ്ഞിവെള്ളമോ കൂട്ടിച്ചേർത്തു അതിലേക്ക് വിത്തുകൾ മുക്കി വെച്ച ശേഷം നേരിട്ട് വെയിൽ ഏൽക്കാത്ത തണലുള്ള സ്ഥലങ്ങളിൽ ചണച്ചാക്കിൽ വിത്തുകൾ നിരത്തി ഉണക്കിയ ശേഷം പെട്ടെന്ന് തന്നെ വിതയ്ക്കുകയാണ് ചെയ്യേണ്ടത്. കഞ്ഞി വെള്ളത്തിൽ റൈസോബിയം ചേർക്കുന്നത് വഴി വിത്തുകളിൽ റൈസോബിയം നല്ല രീതിയിൽ ഒട്ടിപ്പിടിക്കാൻ സഹായിക്കും.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം